# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 6390.

08.11.2016 - ൽ
മറുപടിയ്ക്ക്

## ഡോഗ് സ്ക്വാഡ് പരിശീലനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എ.എം. ആരിഫ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ആഭ്യന്തര വകുപ്പിൻ കീഴിൽ ഡോഗ് സ്ക്വാഡ് നിലവിൽവന്നതെന്നാണ്; വിശദാംശം വ്യക്തമാക്കമോ; | (എ) | തിരുവനന്തപുരത്ത് 1959 ൽ മൂന്ന് അൽസേഷ്യൻ നായ്കുട്ടികളുമായി കുറ്റാന്വേഷണ സഹായത്തിനായി ഡോഗ് സ്ക്വാഡ് നിലവിൽ വന്നു. |
| (ബി) നിലവിൽ എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നു; ഓരോയൂണിറ്റിലേയും ഡോഗുകളുടേയും, കൈകാര്യം ചെയ്യുന്നവരുടെയും വിശദാംശം വ്യക്തമാക്കുമോ; | (ബി) | വിശദാംശം അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു. |
| (സി) ഐ.റ്റി.ബി.പി , ബി.എസ്.എഫ് തലങ്ങളിൽ റ്റി.ഒ.റ്റി, റിഫ്രഷ്മെന്റ് ട്രെയിനിംഗ് പാസ്സായവരുടെ നാളിതുവരെയുള്ള പൂർണ്ണ വിവരം വ്യക്തമാക്കുമോ;<br>(ഡി) ദേശീയ, അന്തർദേശീയ പരിശീലനം സിദ്ധിച്ച പരിശീലകരുടെ വിവരം വ്യക്തമാക്കുമോ; പരിശീലകർ നേതൃത്വം നൽകി നടത്തിയ പരിശീലനങ്ങളുടെ വിവരം പൂർണ്ണമായും വ്യക്തമാക്കുമോ; | (സി) & (ഡി) | വിശദാംശം അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു. |
| (ഇ) തൃശ്ശൂർ കെ.ഇ.പി.എ യിൽ ഡോഗ്/പരിശീലകർക്കുള്ള പരിശീലനത്തിനുള്ള സംവിധാനത്തെക്കുറിച്ച് വിശദാംശം വ്യക്തമാക്കുമോ; | (ഇ) | കേരളാ പോലീസിൽ പ്രവർത്തിക്കുന്ന ഡോഗ് ട്രെയിനിംഗിന്റെ ഏക കേന്ദ്രമാണ് കേരളാ പോലീസ് അക്കാദമിയിലുള്ളത്. ആകെ 53 കെന്നലുകൾ ഉണ്ട്. പരിശീലനം നൽകാൻ അനുഭവജ്ഞാനമുള്ള പോലീസ് ഉദ്യോഗസ്ഥർ നിലവിലുണ്ട്. പരിശീലകർക്കും ഹാൻഡ് ലർ ട്രെയിനികൾക്കും താമസിക്കുന്നതിനാവശ്യമായ 3 ബാരക്കുകൾ നിലവിലുണ്ട്. പരിശീലനത്തിന്റെ ഭാഗമായ ഇൻഡോർ ക്ലാസ്സുകൾ (ഹാൻഡ് ലർമാർക്ക്) നടത്തുന്നതിനുള്ള സൗകര്യം അക്കാദമിയിലുണ്ട്. |

ഇൻഡോർ ക്ലാസ്സുകളിൽ എടുക്കേണ്ടുന്ന വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് മണ്ണുത്തി വെറ്റിനറി യൂണിവേഴ്സിറ്റിയിൽ നിന്നും മറ്റും ഫാക്കൽറ്റികളെ ലഭിക്കാറുണ്ട്. നായകൾക്ക് കുളിക്കുന്നതിനാവശ്യമായ സ്വിമ്മിംഗ് പൂൾ തുടങ്ങി ഒട്ടനവധി സൗകര്യങ്ങൾ അക്കാദമിയിലെ ശ്വാനപരിശീലന കേന്ദ്രത്തിലുണ്ട്. നാളിതുവരെ അക്കാദമിയിലെ ശ്വാനപരിശീലന കേന്ദ്രത്തിൽ നിന്നും 103 നായകളും അവരുടെ ഹാൻഡ് ലർമാരും പരിശീലനം വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്. കേരളാ പോലീസിലെ നിലവിലുള്ള എല്ലാ ഡോഗുകളും അക്കാദമിയിൽ നിന്നും പരിശീലനം ലഭിച്ചവയാണ്. അക്കാദമിയിലെ ശ്വാനപരിശീലന കേന്ദ്രത്തിൽ നിന്നും ട്രാക്കർ, സ്നിഫർ, ഗഞ്ച ഡിറ്റക്ഷൻ, ആൽക്കഹോൾ ഡിറ്റക്ഷൻ, സാൻഡൽ വുഡ് ഡിറ്റക്ഷൻ എന്നിങ്ങനെയുള്ള ട്രെയിഡുകളിൽ പരിശീലനത്തിനുള്ള സൗകര്യം ലഭ്യമാണ്.

(എഫ്) ദേശീയ/ അന്തർദേശീയ പരിശീലനം സിദ്ധിച്ച പരിശീലകരുടെ സേവനം ഡോഗ് സ്ക്വാഡുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് വ്യാപകമായി ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ; സംസ്ഥാനത്തുതന്നെ ഡോഗ് സ്ക്വാഡിന് ശാസ്ത്രീയ പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ;

(എഫ്) ഇക്കാര്യത്തിൽ ദേശീയ/അന്തർദേശീയ പരിശീലനം ലഭിച്ച പരിശീലകരുടെ സേവനം ഡോഗ് സ്ക്വാഡുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് നിലവിൽ ഉപയോഗിച്ചു വരുന്നുണ്ട്. സംസ്ഥാനത്ത് തന്നെ ഡോഗ് സ്ക്വാഡിന് ആധുനിക രീതിയിലുള്ള ശാസ്ത്രീയ പരിശീലനവും നൽകി വരുന്നുണ്ട്.

(ജി) സംസ്ഥാനത്തിന് പുറത്ത് നടത്തുന്ന ദൈർഘ്യമേറിയ പരിശീലനങ്ങളിൽ പങ്കെടുക്കുന്ന സേനാംഗങ്ങൾക്കായി ചെലവാകുന്ന തുകയും, സംസ്ഥാനത്ത് പരിശീലനം സംഘടിപ്പിച്ചാൽ ഉണ്ടാകുന്ന ചെലവും കണക്കാക്കി സർക്കാരിന് സാമ്പത്തിക ബാദ്ധ്യത കുറഞ്ഞ രീതിയിൽ കാര്യക്ഷമമായി ഡോഗ് സ്ക്വാഡ് പരിശീലനത്തിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

(ജി) സംസ്ഥാനത്ത് ഡോഗ്സ്ക്വാഡിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമായ പരിശീലന പദ്ധതികളാണ് നടപ്പിൽ വരുത്തിയിട്ടുള്ളത്. ഇക്കാര്യത്തിൽ സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉള്ളതായി കണക്കാക്കിയിട്ടില്ല.

Rajani.N

സെക്ഷൻ ഓഫീസർ

അനുബന്ധം [illegible] ലഭ്യമാണ്